<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>

(ഹാജർ : Dr. Chithra S IAS )

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഭരണജാഗ്രത ഇടുക്കി ജില്ല കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഷേർളി ജോണിനെതിരായ അച്ചടക്കനടപടി - 'സെൻഷർ' ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് 02-12-2020 തീയതിയിൽ നൽകിയ ബി1-6700-20 നമ്പർ കത്ത്.
2) കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 15/01/2021 ൽ നൽകിയ PAN/15070/2020-D8(DP) നമ്പർ കത്ത്.
3) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് 04-02-2021 തീയതിയിൽ നൽകിയ ബി1-6700-20 നമ്പർ കത്ത്.
4) പഞ്ചായത്ത് ഡയറക്ടറുടെ 23/04/2021ലെ PAN 15070/2020-D8(DP) നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
5) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് 06/10/2021 തീയതിയിൽ നൽകിയ ബി1-6700-20 നമ്പർ റിപ്പോർട്ട്.
6) പഞ്ചായത്ത് ഡയറക്ടറുടെ 05-11-2021 ലെ PAN 15070/2020-D8(DP) നമ്പർ ഉത്തരവ്.
7) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25-02-2022 ലെ ബി1-6700-20 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
8) പഞ്ചായത്ത് ഡയറക്ടറുടെ 13.05.2022 ലെ No.PAN 3412022-E1(DP) നമ്പർ ഉത്തരവ്.
9) ബഹു.KAT-മുൻപാകെയുള്ള OA-869/22 നമ്പർ കേസിലെ 18-05-2022 തീയതിയിലെ ഉത്തരവ്
10) പഞ്ചായത്ത് ഡയറക്ടർ മുൻപാകെ 21.07.2022 ൽ നടന്ന ഹിയറിംഗ്.
11) ബഹു.KAT-മുൻപാകെയുള്ള OA-869 22 നമ്പർ കേസിലെ 23-09-2024 തീയതിയിലെ ഉത്തരവ്
12) ഈ കാര്യാലയത്തിലെ ലോ ഓഫീസറുടെ നിയമോപദേശം.
13) ഈ കാര്യാലയത്തിൽ നിന്നുള്ള 08-05-2025 ലെ ഇതേ നമ്പർ കാരണം കാണിക്കൽ

നോട്ടീസ്.

14) ശ്രീമതി ഷേർളി ജോണിന്റെ 17-05-2025 ലെ മറുപടി.

**ഉത്തരവ് നമ്പർ. LSGD/PD/10163/2023-VIGB3 തീയതി: 29-05-2025**

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി രജിതരാജിനോട് അതേ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. പോൾ പി. മോശമായി പെരുമാറിയെന്നത് സംബന്ധിച്ച വിഷയത്തിൽ കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ നേരിട്ട് അന്വേഷണം നടത്തുകയും ആയതിനെ തുടർന്ന് സ്വീകരിച്ച നടപടികളും പരാമർശം (1) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിൽ ടി വിഷയത്തിൽ രണ്ടുപേരെയും വിളിച്ച് വസ്തുതകൾ അറിഞ്ഞ് ബോദ്ധ്യപ്പെട്ടതിന് ശേഷം, രണ്ട് പേർക്കും ബോദ്ധ്യമാകുന്ന ഒരു പരിഹാര നടപടിയെടുക്കുന്നതിന് പകരം ശ്രീ. പോളിനോട് ശ്രീമതി രജിതയുമായി ഇനി യാതൊരു സംഭാഷണത്തിനും പോകരുത് എന്ന് പറഞ്ഞു എന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മൊഴിയുള്ളത് എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ടി മൊഴിയിൽ നിന്നും ശ്രീമതി രജിതാരാജിനോട് ശ്രീ. പോൾ പി. മോശമായി പെരുമാറി എന്ന വിഷയം ലാഘവത്തോടെയാണ് കൈകാര്യം ചെയ്തത് എന്ന് കാണുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു. ഒരു ഓഫീസ് ജീവനക്കാരി ഇത്തരം ഒരു പരാതി രേഖാമൂലം ഓഫീസ് മേധാവി മുമ്പാകെ നൽകിയാൽ അത് ആദ്യം ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റിയിൽ വെക്കണം എന്നും ടി കമ്മിറ്റിയുടെ ശുപാർശയോടെ മാത്രമാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. എന്നാൽ മേൽ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇന്റേണൽ കമ്മിററി ചേരുന്നതിന് മുമ്പ് തന്നെ, 16/09/2020 തൊടുപുഴ ഡിവൈഎസ്പിക്ക് പരാതി നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ രൂപികരിച്ച ഇന്റേണൽ കംപ്ലയ്ന്റ്സ് കമ്മിറ്റിയുടെ ഘടന ക്രമപ്രകാരമല്ല എന്നതിനാൽ ടി കമ്മിറ്റിയുടെ തീരുമാനത്തിന് സാധുതയുള്ളതായി കാണുന്നില്ല എന്നും, ടി വിഷയത്തിൽ സെക്രട്ടറി ശ്രീമതി ഷേർളി ജോൺ, സീനിയർ ക്ലാർക്കുമാരായ ശ്രീ. പി. പോൾ, ശ്രീമതി രജിതാ രാജ് എന്നിവരോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നതായും ആയതിൽ ശ്രീമതി രജിത രാജ്, ശ്രീ പോൾ പി. എന്നിവരുടെ വിശദീകരണം ലഭ്യമായതായും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ഇലക്ഷൻ സംബന്ധിച്ച തിരക്കുകൾ കാരണം മറുപടി ലഭ്യമാക്കുന്നതിന് 7 ദിവസത്തെ സമയം അനുവദിക്കണമെന്ന് കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് മേൽ വിഷയത്തിൽ കുമാരമംഗലം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരിയായ ശ്രീമതി രജിതാരാജിനോട് ആ കാര്യാലയത്തിലെ തന്നെ ജീവനക്കാരനായ ശ്രീ. പോൾ എന്നയാൾ മോശമായി പെരുമാറുകയും ടി വിഷയം വാക്കാലും തുടർന്ന് രേഖാമൂലവും ശ്രീമതി. രജിതാരാജ് പരാതിയായി നൽകിയിട്ടും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് അതീവ ഗുരുതരമായി കണ്ടുകൊണ്ടും ഈ വിഷയത്തിൽ ഇടുക്കി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം തേടിയിട്ട് ആയതിന് മറുപടി ലഭ്യമാക്കാത്തത് ഗുരുതര അച്ചടക്കലംഘനമാണെന്നും കണ്ടുകൊണ്ട് കുമാരമംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഷേർളി ജോണിനോട് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിൽ ടിയാളുടെ മറുപടി പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു. മറുപടിയിൽ വിഷയത്തിന്റെ ഗൗരവവും കണക്കിലെടുക്കാതെ തന്റെ ഭാഗത്താണ് എല്ലാ ശരിയുമെന്ന് വാദിച്ചുകൊണ്ടിരിക്കുന്ന നടപടി ശരിയല്ല എന്നും മേൽ വിഷയത്തിൽ ടിയാളുടെ ഭാഗത്ത് നിന്നും ചട്ടലംഘനം, കൃത്യവിലോപം അധികാരദുർവിനിയോഗം എന്നിവ

സംഭവിച്ചിട്ടുള്ളതായും കണ്ടുകൊണ്ട് 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം (4) പ്രകാരം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റാരോപണ പത്രികയിൽ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

*1. താങ്കൾ മേലധികാരിയായിരിക്കുന്ന ഒരു ഓഫീസിലെ ജീവനക്കാരിയോട് അതേ ഓഫീസിലെ ഒരു ജീവനക്കാരൻ മോശമായി പെരുമാറുകയും തുടർന്ന് ഇത്തരത്തിലുള്ള സംഭവം ആവർത്തിക്കരുത് എന്ന് മുന്നിൽ കണ്ടുകൊണ്ട് ടി ജീവനക്കാരി സെക്രട്ടറിയായ താങ്കളെ അറിയിക്കുകയും ഓഫീസ് അന്തരീക്ഷം കാത്തു സൂക്ഷിക്കുന്നതിനും സ്ത്രീസഹജമായ നാണക്കേട് മാനഹാനി എന്നിവയോർത്ത് പരാതിയില്ല എന്നു വാക്കാൽ പറഞ്ഞപ്പോൾ ടിയാളെക്കൊണ്ട് പരാതി എഴുതി വാങ്ങി ചട്ടപ്രകാരം ഇൻറേണൻ കംപ്ലയന്റ്റ്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്താതെ പരാതിക്കാരിയെയും കുറ്റാരോപിതനെയും വിളിച്ച് മാപ്പുപറയിച്ച് വിഷയത്തിനെ ലഘൂക്കരിക്കുന്നതിനു ശ്രമിച്ച താങ്കളുടെ നടപടി ഗുരുതരമായി കാണുന്നു.*

*2. ഗ്രാമപഞ്ചായത്തിൽ ഇൻറേണൻ കംപ്ലയന്റ്റ്സ് കമ്മിറ്റി പുനസംഘടിപ്പിക്കുന്നതിനു താമസം വന്നു എന്നു പറയുന്ന താങ്കൾ പരാതിക്കാരി വാക്കിനു വ്യവസ്ഥയില്ലാത്തയാളാണെന്നും രാഷ്ട്രീയ പ്രേരിതമായിട്ടാണ് തുടർന്ന് പരാതിയെഴുതി സ്വന്തമായി ഫ്രണ്ട് ഓഫീസ് നമ്പറിട്ട് പരാതി കൈയിൽ സൂക്ഷിച്ചത് എന്നും ആരോപിച്ചിരിക്കുന്നതും സെക്രട്ടറി എന്ന നിലയിൽ താങ്കളുടെ ഭാഗത്തുനിന്നുമുള്ള വീഴ്ച മറയ്ക്കുന്നതിനാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് സർക്കാരും വകുപ്പും അതിയായി പരിശ്രമിക്കുമ്പോൾ താങ്കളുടെ കാര്യാലയത്തിൽ പരാതിയുന്നയിച്ച ആൾക്ക് മെമ്മോ നൽകുകയും പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്തു കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ചയെടുക്കയും കമ്മിറ്റിയിൽ പരാതിക്കാരിയെ വിളിച്ച് ചോദ്യം ചെയ്ത് അധിക്ഷേപിച്ച് അവർക്കു മാനസ്സിക പിരിമുറുക്കം സൃഷ്ടിച്ചതും താങ്കളുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതര വീഴ്ചയായി കണക്കാക്കുന്നു. പ്രസ്തുത വേളയിൽ ആരോപിതനായ ജീവനക്കാരനെ ചോദ്യം ചെയ്യാതിരുന്ന നടപടിയും താങ്കളുടെ ഭാഗത്തു നിന്നുമുള്ള അധികാര ദുർവിനിയോഗവുമായും കണക്കാക്കുന്നു. തുടർന്ന് ജീവനക്കാരി നൽകിയതായ പരാതി അടിസ്ഥാനരഹിതമാണ് എന്നു ബോദ്ധ്യപ്പെട്ടതായി താങ്കൾ മേലാഫീസിൽ അറിയിച്ചിരിക്കുന്നതു ശരിയായ നടപടിയല്ല.*

*3. കൂടാതെ താങ്കളുടെ കാര്യാലയത്തിൽ ഇത്തരത്തിലുള്ള ഒരു സംഭവം ഉണ്ടാകാൻ ഇടയാവുകയും വിഷയത്തിന്റെ ഗൗരവം കണക്കിലെടുക്കാതെ താങ്കളുടെ ഭാഗത്താണ് എല്ലാ ശരിയുമെന്ന് ഇപ്പോഴും വാദിച്ചുകൊണ്ടിക്കുന്ന നടപടിയും ശരിയല്ല. ഒരു കാര്യാലയത്തിലെ ജീവനക്കാർക്ക് ജോലി വീതിച്ചു നൽകി ഓഫീസ് ഓർഡർ എഴുതി ആധികാരികമാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലകളിൽ ഒന്നാണ്. ഏതെങ്കിലും വിധത്തിലുള്ള പരാതി ലഭിക്കുമ്പോൾ ഒരു ജീവനക്കാരിയെ മാത്രം target ചെയ്തിട്ട് അവർക്ക് ജോലിഭാരം കുറവാണ് എന്ന് മേലാഫീസറെ അറിയിക്കുന്ന നടപടിയും ശരിയായി കണക്കാക്കുന്നില്ല മേൽ പ്രകാരം ചട്ടലംഘനം അധികാര ദുർവിനിയോഗം കൃത്യ നിർവ്വഹണ വീഴ്ച എന്നിവ കാട്ടിയതായി കണ്ട് താങ്കൾക്ക് എതിരെ ഈ കുറ്റപത്രം നൽകുന്നു.*

കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച മറുപടിയിൽ ചുവടെ ചേർക്കും പ്രകാരമുള്ള വാദങ്ങൾ ഉന്നയിച്ചിരുന്നു.

*പരാതിക്കാരിയായ ശ്രീമതി. രജിത രാജ് സെക്രട്ടറിയായ എന്നോട് ശ്രീ. പോൾ മോശമായി പെരുമാറി എന്നാണ് പറഞ്ഞത്. എന്നാൽ ടി മോശമായ പെരുമാറ്റം എന്താണെന്ന് പറഞ്ഞിട്ടില്ല. ഉടൻ 18/9/2020 തീയതിയിൽ കൂടിയ ഇന്റേണൽ കംപ്ലയിൻ്റ് കമ്മറ്റിയിലും ടിയാളെ വിളിച്ച് വിശദീകരണം ആരാഞ്ഞതിൽ മോശമായി പെരുമാറി എന്നല്ലാതെ പെരുമാറ്റം എന്താണെന്ന് പറഞ്ഞിട്ടില്ല. ഇൻ്റേണൻ കംപ്ലയിന്റ്*

കമ്മിറ്റിയുടെ അഭിപ്രായത്തിൽ ശാരീരിക പീഡനം നടന്നിട്ടില്ലാത്തതിനാലും, ശ്രീ പോളിന്റെ വിശദീകരണത്തിൽ പെട്ടെന്നുള്ള ദേഷ്യം മൂലം സംസാരിച്ചതാണെന്നും കമ്മറ്റിക്ക് ബോധ്യപ്പെട്ടതിനാൽ നടപടി സ്വീകരിക്കണ്ടേതില്ല എന്നാണ് തിരുമാനിച്ചത്. കൂടാതെ 18/9/20 തീയതി നടന്ന കമ്മറ്റിയിലും കറ്റാരോപിതന്റെ വിശദീകരണത്തിൽ പറഞ്ഞിട്ടുള്ളതു പോലെയാണ് നടന്നതെന്നും, പോൾ തന്റെ സഹോദരനെ പോലെയാണെന്നും കമ്മറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാൻ സെക്രട്ടറിയ്ക്ക് തന്ന പരാതിയിലും മനോവേദന ഉണ്ടാക്കുന്ന സംഭവം ഉണ്ടായി എന്നല്ലാതെ എന്താണെന്ന് പറഞ്ഞിട്ടില്ല. എന്നാൽ കറ്റാരോപിതന്റെ മറുപടി പ്രകാരം "സൗകര്യം പോലെ ചെയ്യ്" എന്ന് പറഞ്ഞതിന് മാത്രമാണ് മാപ്പ് പറയുന്നതിനും മേലിൽ ടിയാളോട് ഇടപെടരുതെന്നും താക്കീത് നൽകിയിട്ടുള്ളത്. പരാതിക്കാരി എന്തെങ്കിലും ചെയ്യെന്ന് ഒരുതരത്തിലും എന്നെ അറിയിക്കാതിരിക്കുകയും കറ്റാരോപിതന്റെ വിശദീകരണം നിഷേധിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ തീർത്തും ലഘുവായ ടി വിഷയം സെക്രട്ടറി ലഘൂകരിച്ചുവെന്ന് പറയുന്നത് മനോവിഷമം ഉണ്ടാക്കുന്നതാണ്. ആയതിനാൽ ദയവുണ്ടായി ടി കറ്റാരോപണത്തിൽ നടപടിയെടുക്കരുതെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പരാതിക്കാസ്പദമായി പറയുന്ന സംഭവം ഉണ്ടായത് 08/09/2020 ലാണ്. 09/09/2020 ലാണ് പരാതിക്കാരി ഫ്രണ്ട് ആഫീസിൽ കയറി, മറ്റൊരാളുടെ ഡ്യൂട്ടി ദിവസം അവരുടെ അനുവാദമില്ലാതെ താൻ എഴുതിയ പരാതി ഹെഡ് ക്ലാർക്കിനായി മാർക്ക് ചെയ്ത് സ്വന്തമായി കൈയിൽ വയ്ക്കുകയും ചെയ്തിട്ടുള്ളത്. അതിന് 7 ദിവസത്തിനു ശേഷം മെമ്മോ നൽകിയതു പ്രകാരം 16/09/2020 ലാണ് ടിയാൾ പരാതി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നത്. പരാതി രഹസ്യമായി അറിയാതിരിക്കുകയും കൈയിൽ വച്ചതിനാൽ ഞാൻ അറിഞ്ഞ അന്നുതന്നെ നിയമാനുസൃത നടപടികൾ പൂർത്തിയാക്കി തപാൽ ആക്കുകയും, അന്നുതന്നെ ഇൻറേണൻ കമ്മറ്റി ചേരുന്നതിനുള്ള നടപടി സ്വീകരിക്കുകയും, കേവലം ഒരു ദിവസത്തിനുശേഷം ഇന്റേണൽ കമ്മറ്റി ചേരുകയും പരാതിക്കാരിയെ വിളിച്ച് വിശദീകരണം ആരായുകയും, യാതൊരുവിധ പീഡനവും നടന്നെന്ന് പരാതിക്കാരി പറയാത്ത സാഹചര്യത്തിൽ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് കമ്മറ്റി തീരുമാനിക്കുകയും ചെയ്തു. ആയതിനാൽ സെക്രട്ടറിയുടെ ഭാഗത്ത് യാതൊരു വീഴ്ചയും വന്നിട്ടില്ലാത്തതിനാൽ ഒരു വീഴ്ചയും മറയ്ക്കുന്നതിന് ഞാൻ ശ്രമിച്ചിട്ടില്ല. അതിനാൽ ടി കാരണത്താൽ നടപടി സ്വീകരിക്കരുതെന്ന് വിനീതമായി അപേക്ഷിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ മേൽ തെരെഞ്ഞെടുക്കപ്പെട്ട അധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതും നിയമാനുസൃതമായ നിർദ്ദേശങ്ങൾ നൽകുന്നതിന് അധികാരമുള്ളതും പഞ്ചായത്തിന് ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് യോഗത്തിൽ ഹാജരാകുവാൻ ആവശ്യപ്പെടുന്നതിനും പ്രസിഡന്ററിന് അധികാരമുണ്ട്. മാത്രവുമല്ല പഞ്ചായത്ത് ജീവനക്കാരുടെ മേൽ സെക്രട്ടറിയെ പോലെ തന്നെ ഭരണ സമിതിക്കും അധികാരമുള്ളതിനാൽ ടി വിഷയം പരിഹരിക്കാമെന്ന് പ്രസിഡന്റ് ആവശ്യപ്പെട്ടെങ്കിലും അത് പരിഗണിക്കാതെ പരാതിയുമായി പോവുകയാണുണ്ടായത്. പഞ്ചായത്ത് രാജ് യോഗ നടപടിക്രമം ചട്ടങ്ങൾ പ്രകാരം അജണ്ടയിൽ പ്രസിഡന്റ് നിർദ്ദേശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. 13-ാം വാർഡ് മെമ്പർ പ്രസിഡന്റിന് നൽകിയ കത്ത് പ്രകാരം പ്രസിഡൻറ് നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരമാണ് ടി വിഷയം അജണ്ടയിൽ ഉൾപ്പെടുത്തിയത്. പ്രസിഡന്റ് എന്നോട് നിർദ്ദേശിച്ചത് രജിതയുടെ പരാതി ഫ്രണ്ട് ഓഫീസിൽ ചേർത്ത് സ്വന്തം കൈയ്യിൽ വച്ചതും അത് സംബന്ധിച്ച് സെക്രട്ടറി സ്വീകരിച്ച നടപടി ക്രമവും കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തണമെന്നാണ്. ടി കാര്യം കമ്മറ്റിയിൽ, ചർച്ച ചെയ്തത് വന്ന സമയത്ത് പ്രസിഡന്റ് 13-ാം വാർഡ് മെമ്പർ തനിക്ക് തന്ന കത്ത് പ്രസിഡൻന്റ് വായിക്കുകയും ടിയാന്റെ അപേക്ഷ പ്രകാരം സെക്രട്ടറിയോട് വിവരങ്ങൾ അന്വേഷിച്ച് അജണ്ട ചർച്ച ചെയ്തിട്ടുള്ളത്. രജിത നടത്തിയ ക്രമക്കേടുകളെ സംബന്ധിച്ചാണ് അജണ്ട വച്ചിട്ടുള്ളത് എന്നതിനാൽ ശ്രീ. പോളിന്റെ വിശദീകരണം കമ്മിറ്റി ആരാഞ്ഞില്ല. മാത്രമല്ല പരാതിയുമായി മുമ്പോട്ട് പോകുന്നതിന് മുൻപ് പോളിനെ വിളിച്ച് പരിഹാരം

തേടാമെന്നും ടി വിഷയം ഈ ആഫിസിൽ വച്ച തന്നെ പരിഹരിക്കണമെന്നും പ്രസിഡന്റ് രജിതയോട് ആവശ്യപ്പെട്ടിരുന്നു. ജീവനക്കാരുടെ കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് പ്രസിഡന്റിനും കമ്മറ്റിക്കും അധികാരമുണ്ട്. ആയതുകൊണ്ട് തന്നെ പ്രസിഡന്റിന്റെ വാക്കിനെ മാനിക്കാതെ പരാതി സമർപ്പിച്ചതിനെക്കുറിച്ചാണ് കമ്മറ്റി ആരാഞ്ഞത്. മാത്രമല്ല ടി യോഗത്തിൽ പരാതിക്കാരി പോൾ തന്നെ സഹോദരിയെപ്പോലെയാണ് കാണുന്നതെന്നും തനിക്ക് യാതൊരു പരാതിയുമില്ലെന്ന് മറ്റാരുടെയും സമ്മർദ്ദമില്ലാതെ പറയുകയുണ്ടായി. മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പതിമൂന്ന് അംഗങ്ങൾ ഉൾപ്പെട്ട ടി കമ്മറ്റിയിൽ ആരും പരാതിക്കാരിയെ ചോദ്യം ചെയ്യുകയോ മോശമായ രീതിയിൽ പെരുമാറുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ജീവനക്കാരുടെ ഇടയിൽ നടക്കുന്ന പഞ്ചായത്തിന്റെ പ്രതിഛായയെ തന്നെ ബാധിക്കുന്ന പ്രവർത്തികൾ പഞ്ചായത്ത് പ്രസിഡന്റിനെ കൂടി അറിയിക്കണമെന്ന് മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ. സ്വമനസ്സാലെയാണ് പരാതിക്കാരി പീഡനം നടന്നിട്ടില്ലായെന്നും കുറ്റാരോപിതൻ സഹോദരനെ പോലെയാണെന്നും അറിയിച്ചത് ഏത് തരത്തിലുള്ള മനോവിഷമമാണ് നടന്നിട്ടുള്ളത് എന്ന പരാതിക്കാരി തന്നെ ഉന്നയിക്കാത്ത സാഹചര്യത്തിലും ഇൻറേണൻ കംപ്ലയിന്റ് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച സാഹചര്യത്തിലും പരാതി അടിസ്ഥാന രഹിതമാണെന്നേ പറയാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ടി കാര്യത്തിൽ ഞാൻ അധികാര ദുർവിനിയോഗം നടത്തിയിട്ടില്ലാത്തതിനാൽ ടി കുറ്റത്തിന് എന്റെമേൽ നടപടി സ്വീകരിക്കരുതെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പരാതിക്കാരി തനിക്ക് മനോവിഷമം മാത്രമാണുണ്ടായതെന്ന് പറയുകയും കമ്മറ്റിയിലും ഇന്റേണൽ കമ്മറ്റിയിലും ടിയാൾ പരാതി ഉന്നയിക്കാത്ത സാഹചര്യത്തിൽ പരാതിയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട എന്ന് തീരുമാനിച്ച സാഹചര്യത്തിലും കുറ്റാരോപിതൻ സൗകര്യം പോലെ ചെയ്യ് എന്ന് പറയുകയും അതിന് ക്ഷമ ചോദിക്കുകയും ചെയ്തതിലും. എൻ്റെ അടുത്ത് പരാതി ലഭിച്ച ഒരു ദിവസത്തിനുള്ളിൽ ഇൻ്റേണൻ കംപ്ലയിന്റ് കമ്മറ്റി വിളിച്ച് ചേർക്കുകയും ചെയ്ത സാഹചര്യത്തിലും പരാതി നിയമാനുസരണം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തതിനാലാണ് എന്റെ ഭാഗത്ത് നിന്ന് ഒരു വീഴ്ചയും ഇല്ലായെന്ന് പറഞ്ഞിട്ടുള്ളത്. ജീവനക്കാർക്ക് കൃത്യമായി ഓഫീസ് ഓർഡർ നൽകുകയും അതനുസരിച്ച് ജോലികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ ജോലിഭാരത്തിനിടയ്ക്ക് ഇത്തരത്തിലുള്ള പ്രവർത്തനം സെക്രട്ടറിക്ക് മനോവിഷമം ഉളവാക്കുന്നുവെന്നാണ് മുൻ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ജോലികളെ സംബന്ധിച്ച് ഓഫീസ് ഓർഡർ ഇല്ലാതെ തന്നെ പല ജോലികളും മേലധികാരികളുടെ നിർദ്ദേശാനുസരണം ജീവനക്കാരെകൊണ്ട് ചെയ്യിക്കേണ്ടതുണ്ട്. ടി പ്രവർത്തനങ്ങൾക്ക് ഇത്തരത്തിലുള്ള ജീവനക്കാരുടെ പ്രവർത്തികൾ മൂലം ബുദ്ധിമുട്ട് നേരിടുന്നുവെന്ന് മാത്രമാണ് ഞാൻ അറിയിച്ചത്. പ്രത്യേകിച്ചും കോവിഡ് മഹാമാരി, 2 തെരെഞ്ഞെടുപ്പുകൾ എന്നിവയ്ക്കിടയിലാണ് ഇതുകൂടി കൈകാര്യം ചെയ്യുന്നത്. മാത്രവുമല്ല പെട്ടെന്നുള്ള ദേഷ്യത്തിൽ കുറ്റാരോപിതൻ "സൗകര്യം പോലെ ചെയ്യ്" എന്ന് പറഞ്ഞത് പീഡനമായി കാണുവാൻ സാധിക്കുകയില്ലായെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടി വിഷയത്തിൽ കുറ്റാരോപിതനെ വിളിച്ച് ചോദ്യം ചെയ്തതിൽ ഇപ്രകാരം മാത്രം പറഞ്ഞിട്ടുള്ളുവെന്നാണ് പറഞ്ഞത്. എന്നാൽ പരാതിക്കാരി നേരിട്ടോ, ടിയാളുടെ പരാതിയിലോ ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റിയിലോ കുറ്റാരോപിതൻ ദേഷ്യപ്പെട്ട് സംസാരിച്ചുവെന്നല്ലാതെ മറ്റൊന്നും പറഞ്ഞിട്ടില്ല. പരാതിക്കാരിക്ക് വളരെ കുറച്ച് ജോലികൾ മാത്രമേ ഉള്ളുവെന്നും മാത്രമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അത് പരാതിക്കാരിയെ ടാർജറ്റ് ചെയ്യുന്നതിന് വേണ്ടിയല്ല പറഞ്ഞത്. അതിനാൽ എന്റെ ഭാഗത്തുനിന്നും കൃത്യ നിർവ്വഹണ വീഴ്ച ഉണ്ടായിട്ടില്ലാത്തതാണ്. അതിനാൽ ടി കാര്യത്തിൽ നടപടി സ്വീകരിക്കരുതെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ശ്രീമതി. ഷേർളി ജോണിന്റെ മറുപടിയിൽ പരാമർശം (5) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ചുവടെ ചേർക്കും പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

കുമാരമംഗലം ഗ്രാമപഞ്ചായത്തിലെ 14.09.2020 തിയതിയിലെ രേഖകൾ പരിശോധിച്ചതിൽ ശ്രീമതി രജിത രാജിന്റെ 14.09.2020 ലെ 3268 നമ്പർ തപാൽ ഹെഡ് ക്ലാർക്കിന് ലഭിച്ചതിൻ പ്രകാരം 18.09.2020 ൽ ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റി ചേരുകയും ഇതിൽ ശ്രീമതി രജിത രാജ് -നോട് വിശദീകരണം ആവശ്യപ്പെടുകയും ടി വിശദീകരണത്തിൽ ശാരീരിക പീഡനം പ്രതിപാദിച്ചിട്ടില്ലാത്തതിനാലും ശ്രീ. പോളിനോട് വിശദീകരണം ആവശ്യപ്പെട്ടതിൽ ടിയാൻ പെട്ടെന്നുള്ള ദേഷ്യത്തിൽ സംസാരിച്ചതാണെന്ന് കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ടതിനാലും പരാതിയിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് ബോദ്ധ്യപ്പെട്ടതായാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി യോഗത്തിൽ പങ്കെടുത്തിട്ടുള്ളവർ സെക്രട്ടറി ശ്രീമതി ഷേർളി ജോൺ, ഹെഡ് ക്ലാർക്ക് ശ്രീ. മഹേഷ് റാവു, അഡ്വ: ഷിനു (മെമ്പർ, കുമാരമംഗലം ഗ്രാമ പഞ്ചായത്ത്), ശ്രീമതി ചിന്നമ്മ സോജൻ (മെമ്പർ), ശ്രീ. ബെന്നി ഫ്രാൻസിസ് (മെമ്പർ) ശ്രീമതി ബീന അനസ് (മെമ്പർ), ശ്രീമതി ലത സി.എസ്., അക്കൗണ്ടന്റ്, ശ്രീമതി നിഷ മേരി ജോർജ് ക്ലർക്ക് എന്നിവരാണ്.

ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ 23.04.2013 ലെ ഗസറ്റ് നമ്പർ 181 മിനിസ്ട്രി ഓഫ് ലോ ആൻഡ് ജസ്റ്റിസ് ഇറക്കിയിട്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷനിലെ ചാപ്റ്റർ 2 സെക്ഷൻ 4 പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റിയുടെ ഘടന വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം, അംഗങ്ങൾ പ്രിസൈഡിംഗ് ഓഫീസർ - സീനിയർ ലെവലിലുള്ള വനിതാ ഉദ്യോഗസ്ഥർ, അംഗങ്ങൾ- ജീവനക്കാരിൽ നിന്നും രണ്ടിൽ കുറയാതെയും ഇവർ സോഷ്യൽ വർക്കിലോ നിയമ പരിജ്ഞാനം ഉള്ളവരോ ആയിരിക്കണമെന്നും പറയുന്നു. ഒരംഗം ജീവനക്കാരിൽ നിന്നല്ലാതെ സ്ത്രീ സംബന്ധമായ വിഷയങ്ങളെക്കുറിച്ച് അറിവ് ഉള്ള ആളായിരിക്കണം. കൂടാതെ ഈ കമ്മറ്റിയിൽ 50% ൽ അധികം വനിതാ അംഗങ്ങൾ ആയിരിക്കണമെന്നും നിഷ്കർഷിക്കുന്നു. സെക്ഷൻ 4(3) പ്രകാരം പ്രിസൈഡിംഗ് ഓഫീസറുടേയും അംഗങ്ങളുടേയും കാലാവധി പരമാവധി 3 വർഷമാണ്. ടി ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലും സാമൂഹ്യനീതി വകുപ്പിന്റെ 26.05.2016 1556/ബി3/16/സ.നി.വ സർക്കുലറിന്റെ അടിസ്ഥാനത്തിലും കുമാരമംഗലം പഞ്ചായത്ത് സെക്രട്ടറിയുടെ 29.05.2018 തീയതിയിലെ 17/2018 ഓഫീസ് ഉത്തരവ് പ്രകാരം പ്രിസൈഡിംഗ് ഓഫീസർ ഉൾപ്പെടെ 5 അംഗങ്ങളെ ഉൾപ്പെടുത്തി ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതാണ്.

18.09.2020 ലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ 29.05.2018 ൽ രൂപീകരിച്ച കമ്മറ്റി അംഗങ്ങളിൽ നിലവിൽ ശ്രീമതി രജിത രാജ് മാത്രമാണ് ഉള്ളത്. ഇക്കാരണത്താൽ ഇൻറേണൻ കംപ്ലയിന്റ് കമ്മറ്റി പുന:സംഘടിപ്പിച്ചതിനുശേഷം മാത്രമായിരുന്നു ഇന്റേണൽ കംപ്ലയിന്റ്സ് കമ്മറ്റി കൂടേണ്ടിയിരുന്നത്. എന്നാൽ 18.09.2020 ൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മറ്റി പുനഃസംഘടിപ്പിക്കാതെ ചേരുകയും ഗസറ്റ് നോട്ടിഫിക്കേഷൻ നിബന്ധനകൾ പ്രകാരമല്ലാതെയുള്ള അംഗങ്ങളെ ഉൾപ്പെടുത്തി യോഗം ചേർന്നിട്ടുള്ളതുമാണ്. ആയതിനാൽ ഈ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മറ്റി നിയമപരമല്ല. കൂടാതെ ശ്രീമതി രജിത രാജ് 14.09.2020 ൽ നൽകിയ പരാതിയിൽ, 08.09.2020 ൽ ടിയാരി സീറ്റിൽ നിന്നെഴുന്നേറ്റ് സീനിയർ ക്ലാർക്ക് ശ്രീമതി രമ്യ രവിയുമായി സംസാരിച്ച നിന്നപ്പോൾ ശ്രീ. പോൾ പി., സീനിയർ ക്ലാർക്ക് പരാതിക്കാരിയോട് മോശമായി പെരുമാറിയതായും ആയത് ടിയാരിക്ക് വളരെയധികം മനോവിഷമം ഉണ്ടാക്കിയതായും ആയത് തന്റെ മേലുദ്യോഗസ്ഥന്റെ അടുത്ത് അറിയിക്കുന്നു എന്നും ഇത്തരം അനുഭവം മേലിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണമെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ ആയതിന് ചുവടെയായി ടിയാരി എഴുതി ഒപ്പിട്ടതിന് ശേഷം വാക്കാൽ ഈ വിഷയം സെക്രട്ടറിയോടും ഹെഡ് ക്ലാർക്കിനോടും അറിയിച്ചിട്ടും നടപടികളൊന്നും സ്വീകരിക്കാത്തതിനാലാണ് രേഖാമൂലം പരാതി നൽകിയതെന്നും വ്യക്തമാക്കിയിരുന്നു. ഹെഡ് ക്ലാർക്കിന് 14.09.2020 ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്ക് ശ്രീ. മഹേഷ് റാവു HC/3258/20 നമ്പരായി ശ്രീ. പോൾ പി., സീനിയർ

ക്ലാർക്കിന് മെമ്മോ നൽകുകയും ആയതിൽ 08.09.2020 ൽ ടിയാൻ രജിതാ രാജിനോട് മോശമായി പെരുമാറിയതിൽ വിശദീകരണം 2 ദിവസത്തിനുള്ളിൽ ലഭ്യമാക്കുവാൻ കർശനമായി നിർദേശിക്കുകയും ചെയ്തു. ആയത് ടിയാൻ 15.09.2020 ൽ കൈപ്പറ്റുകയും ഇതിന് മറുപടിയായി ശ്രീമതി. രജിത രാജ്, ശ്രീമതി. രമ്യയുമായി സംസാരിച്ചിരുന്ന സമയത്ത് ഓഫീസ് സംബന്ധമായ സംശയം ചോദിക്കുന്നതിനായി ചെന്നതാണെന്നും അപ്പോൾ ശല്യം ചെയ്യരുതെന്നും ശ്രീമതി രജിത പറഞ്ഞതിന് മറുപടിയായി "നിങ്ങളുടെ സൗകര്യംപോലെ ചെയ്യ്" എന്ന് പറഞ്ഞതല്ലാതെ ടിയാന്റെ ഭാഗത്ത് നിന്ന് മറ്റൊരു തെറ്റും സംഭവിച്ചിട്ടില്ലായെന്നും ആയതിനാൽ ടി തെറ്റ് ക്ഷമിച്ച് മറ്റ് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണെന്നും അപേക്ഷിച്ചിരുന്നു.

THE SEXUAL HARRASSMENT OF WOMEN AT WORK PLACE (PREVENTION, PROHIBITION AND REDRESSAL) ACT 2013 പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം ഇല്ലാത്തതും ഇത് കൂടാതെ ടി ആക്ടിൽ ഐ. പി.സി 509 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുക എന്നതും ജീവനക്കാരുടെ സേവന വേതന ചട്ടങ്ങൾ പ്രകാരമുള്ള നടപടികളുമാണ് ശുപാർശ ചെയ്തിട്ടുള്ളത്. സെക്ഷൻ 2(എൻ) ൽ 5 പ്രകാരം "Any other unwelcome physical, verbal or non verbal conduct of sexual nature" എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇന്റേണൽ കംപ്ലയൻറ്സ് കമ്മിറ്റി 2013 ലെ ആക്ട് പ്രകാരം നിയമാനുസൃതമല്ല കൂടിയിട്ടുള്ളത്. 18.09.20 ലെ കമ്മിറ്റി പുന:സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയോ പഞ്ചായത്ത് സെക്രട്ടറി ഉത്തരവ് ഇറക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ഇന്റേണൽ കംപ്ലയൻറ്സ് കമ്മിറ്റിയിൽ വരുന്ന വിഷയങ്ങളിൽ പഞ്ചായത്ത് കമ്മിറ്റിക്ക് യാതൊരുവിധ നടപടി സ്വീകരിക്കുവാനോ ടി വിഷയം ചർച്ച ചെയ്യുവാനോ അധികാരം ഇല്ലാത്തതാണ്. ആയതിനാൽ 18.09.2020 ലെ പഞ്ചായത്ത് തീരുമാനം നിലനിൽക്കുന്നതല്ല. സെക്ഷൻ 2(എൻ)5 ൽ പറയുന്നത് പ്രകാരം വസ്തുതകൾ ജീവനക്കാരി തന്റെ രേഖാമൂലമുള്ള പരാതിയിൽ വ്യക്തമാക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള വിഷയം സെക്രട്ടറിയോടോ മറ്റ് വനിത ജീവനക്കാരോടോ വനിത മെമ്പർമാരോടോ പറഞ്ഞിട്ടുളളതായോ 18/09/2020 ലെ ഇന്റേണൽ കംപ്ലയൻറ്സ് കമ്മിറ്റിയുടെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തത് ബോധ്യപ്പെട്ടിട്ടുണ്ട്.

09.09.2020 ലെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ അന്നേ ദിവസം ആകെ 12 തപാലുകൾ ലഭിക്കുകയും 12-ാമത്തെ തപാലായ 3244 അപേക്ഷകയുടെ പേര് രജിത രാജ് സീനിയർ ക്ലാർക്ക് വിഷയം സമർപ്പണം എന്നും കാണിച്ച് സെക്ഷൻ ഹെഡ്ക്ലാർക്കിന് മാർക്ക് ചെയ്തിട്ടുള്ളതുമാണ്. അന്നത്തെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി നിഷ മേരി ജോർജ്ജ്, ക്ലാർക്കിനാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 09.09.2020 ലെ തപാൽ മറ്റൊരാൾ ഡ്യൂട്ടിയിലുള്ള സമയത്ത് ടിയാരി തന്നെ ഫ്രണ്ട് ഓഫീസിൽ കയറി തപാൽ നമ്പർ ഇടുകയും ഹെഡ് ക്ലാർക്ക് അന്നേ ദിവസം ലീവിലായിരുന്നതിനാലും അദ്ദേഹത്തിന് നേരിട്ട് നൽകുവാനായി ഒപ്പിട്ടെടുത്തുവെന്നും തുടർന്നുള്ള ദിവസങ്ങളിൽ ടിയാരിക്ക് വളരെയധികം മനോസംഘർഷം ഉണ്ടായിട്ടുള്ളതിനാലും പരാതി പിൻവലിക്കുവാൻ വലിയ തോതിൽ സമ്മർദ്ദം ഉണ്ടായതിനാലും ടി തപാൽ ഹെഡ് ക്ലാർക്കിനെ നേരിട്ട് ഏൽപ്പിക്കുവാൻ മറന്നു പോയതായും ആയതിന് മാപ്പപേക്ഷിക്കുന്നതായും ടിയാരിക്ക് രേഖാമൂലം നൽകിയ മെമ്മോയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. 14.09.2020 ലെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പത്താമത്തെ തപാലായി (നമ്പർ 3268) സമർപ്പണമായിത്തന്നെ ഹെഡ് ക്ലാർക്കിന് സെക്ഷൻ മാർക്ക് ചെയ്ത് നൽകുകയും ആയത് ഹെഡ് ക്ലാർക്ക് തന്നെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ള വിവരം ടിയാരിക്ക് മനോവിഷമം ഉണ്ടാകുന്ന രീതിയിൽ ശ്രീ. പോൾ പി. എന്ന ജീവനക്കാരൻ മോശമായി പെരുമാറി എന്നും ആയത് മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി മേലിൽ ഇത്തരം അനുഭവം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും അപേക്ഷിക്കുന്നു എന്നുമാണ് വാക്കാൽ ഉദ്യോഗസ്ഥരോട് ഇക്കാര്യം അറിയിച്ചിട്ട് നടപടികൾ ഉണ്ടാകാത്തതിനാലാണ് ടി അപേക്ഷ നൽകിയത് എന്നും ടിയാരി ഇതിൽ ഒപ്പിട്ടതിനുശേഷം എഴുതിച്ചേർത്തിട്ടുണ്ട്.

09.09.2020 ൽ മറ്റൊരാളുടെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിൽ കയറി തപാൽ സ്വയം നമ്പരിട്ട് ഹെഡ് ക്ലാർക്കിന് മാർക്ക് ചെയ്ത് ഹെഡ് ക്ലാർക്കിന് നൽകുന്നതിനു പകരം ജീവനക്കാരി സ്വയം കൈയിൽ സൂക്ഷിച്ചിരുന്നു. തുടർന്ന് 14.09.2020 ൽ ടിയാരി ഇതേ വിഷയം സംബന്ധിച്ച് വീണ്ടും പരാതി നൽകുകയും ഈ പരാതിയുടെ അടിസ്ഥാനത്തിൽ ആണ് 18.09.2020 ൽ ഇന്റേണൽ കംപ്ലയിൻറ് കമ്മറ്റി കൂടിയിട്ടുള്ളത്. 09.09.2020 ൽ മറ്റൊരാളുടെ ഡ്യൂട്ടി സമയത്ത് ഫ്രണ്ട് ഓഫീസിൽ തപാൽ ചേർത്ത് സ്വയം കൈയിൽ വച്ചത് ടിയാരിയുടെ വീഴ്ചയാണ്. ഹെഡ് ക്ലാർക്ക് 09.09.2020 ൽ മാത്രമാണ് ടി മാസത്തെ പ്രവർത്തി ദിവസങ്ങളിൽ അവധിയിലുണ്ടായിരുന്നത്. എന്നിരുന്നാലും 18.09.2020 ൽ കൂടിയ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മറ്റി 2013 ലെ ആക്ട് പ്രകാരം പുനഃസംഘടിപ്പിച്ചതോ നിയമാനുസൃതമായ അംഗങ്ങൾ ഉൾപ്പെടുത്തിയതോ ആയിരുന്നില്ല. കെ.പി.ആർ. സെക്ഷൻ 156-4 ബി പ്രകാരം പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്ററിന്റേയും ചുമതലകളിൽ പഞ്ചായത്തിലെ എല്ലാ ജീവനക്കാർ ചെയ്യുന്ന കൃത്യങ്ങളുടേയും എടുത്ത നടപടികളുടേയും മേൽനോട്ടം വഹിക്കുന്നതിനും അവയെ നിയന്ത്രിക്കുന്നതിനും പ്രസിഡന്റിന് അധികാരം ഉണ്ട്. അതോടൊപ്പം സെക്ഷൻ 156-6 ബി പ്രകാരം പഞ്ചായത്തിന് കീഴിലുള്ള ജീവനക്കാരന്റെ പേരിൽ കൃത്യവിലോപത്തിനോ ആജ്ഞാലംഘനത്തിനോ ചട്ടങ്ങളുടേയോ ഉത്തരവുകളുടേയോ ലംഘനത്തിനോ അച്ചടക്ക നടപടികൾ എടുക്കേണ്ടി വരുമ്പോൾ ആവശ്യമെങ്കിൽ അവരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുവാനും അധികാരം ഉള്ളതാണ്. കെ.പി.ആർ. ആക്ട് സെക്ഷൻ 180(9) പ്രകാരം പഞ്ചായത്തിന്റെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും എന്നതിൽ പഞ്ചായത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റെയോ മേൽ ലഘു ശിക്ഷകൾ ചുമത്തുന്നതിന് ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി ഒരു പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റി രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത് THE SEXUAL HARASSMENT OF WOMEN AT WORKPLACE (PREVENTION, PROHIBITION AND REDRESSAL) Act-2013 പ്രകാരമാണ്.

കെ.പി.ആർ. സെക്ഷൻ 156, 180 എന്നിവ പ്രകാരം ജീവനക്കാരുടെ പൊതുവായ കാര്യങ്ങളിലുള്ള പഞ്ചായത്ത് പ്രസിഡന്റിനും പഞ്ചായത്തിനും ഉള്ള അധികാരങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ആയത് കേരള നിയമസഭ പാസാക്കിയിട്ടുള്ള നിയമമാണ്. എന്നാൽ ഇന്റേണൽ കംപ്ലയിന്റ കമ്മറ്റി രൂപീകരിക്കുന്നതും അതിനു മുമ്പാകെ വരുന്ന വിഷയങ്ങളിൽ നടപടി സ്വീകരിക്കുന്നതും 2013 ലെ പാർലമെന്റ് പാസാക്കിയ മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിയമപ്രകാരമാണ്. കൂടാതെ ടി ആക്ടിന്റെ ഒരു ഭാഗത്തും പഞ്ചായത്ത് കമ്മറ്റിക്ക് എന്തെങ്കിലും അധികാരം ഉള്ളതായി പറയുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ സെക്രട്ടറി നൽകിയ വിശദീകരണം നിലനിൽക്കുന്നതല്ല. പഞ്ചായത്ത് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ടി വിഷയം ചർച്ച ചെയ്തത് നിയമാനുസൃതമല്ല. 2013 ലെ ആക്ട് പാർലമെന്റ് പാസാക്കിയ നിയമപ്രകാരം ഇത്തരം വിഷയത്തിൽ പഞ്ചായത്ത് പ്രസിഡന്റിനോ പഞ്ചായത്തിനോ യാതൊരുവിധ അധികാരവും ഇല്ലാത്തതാണ്. ഇൻ്റേണൽ കംപ്ലയിന്റ് കമ്മറ്റി പുനഃ സംഘടിപ്പിക്കാതെയും 2013 ലെ ആക്ട് പ്രകാരമുള്ള അംഗങ്ങളെ നിജപ്പെടുത്തി കമ്മറ്റി രൂപീകരിക്കാതിരുന്നതിനാലും ടി ഇന്റേണൽ കംപ്ലയിൻ്റ് കമ്മറ്റി എടുത്ത തീരുമാനത്തിന് നിയമസാധുതയില്ല. നിയമാനുസൃതം രൂപീകരിക്കപ്പെടാത്തതായ ഇന്റേണൽ കംപ്ലയിൻ്റ് കമ്മറ്റിയുടെ പരിഗണനയിലുള്ള ഒരു വിഷയം പിന്നീട് മേലധികാരിയായ പ്രസിഡന്ററിനെ (ഈ വിഷയത്തിൽ അധികാരമില്ലാത്തതിനാൽ) ഏൽപ്പിച്ചുവെന്ന നടപടി നിയമാനുസൃതമല്ല. ഓഫീസ് ഉത്തരവ് നം.23/20 തീയതി 06.08.2020 പരിശോധിച്ചത് പ്രകാരം സീനിയർ ക്ലാർക്കായ ശ്രീ. പോൾ പി.ക്ക് വാർഡുകളുടെ നികുതി പിരിവ്, പരാതി, അന്വേഷണം, ലൈസൻസ് അനുവദിക്കൽ എന്നിവ മാത്രമാണ് നൽകിയിട്ടുള്ളത്. ക്ലർക്ക് ചെയ്യേണ്ട ജോലികൾ മാത്രം സീനിയർ ക്ലർക്കിനെ ഏൽപ്പിത് ശരിയായ ഓഫീസ് ഉത്തരവ് നൽകിയെന്ന് അവകാശപ്പെടുന്നതിന് വിരുദ്ധമാണ്. കുറ്റാരോപിതൻ "സൗകര്യം പോലെ ചെയ്യ്" എന്ന് പറഞ്ഞത് ഒരു പീഡനമായിക്കാണുവാൻ

സാധിക്കുകയില്ലായെന്ന് നിയമോപദേശം ലഭിച്ചതായി സെക്രട്ടറി വ്യക്തമാക്കിയതിന് ഉപോത്ബലകമായ രേഖകളോ മറ്റ് തെളിവുകളോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

തുടർന്ന് ടി വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് തരം തിരിക്കലും, നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 15 (2) അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.വി. കുര്യാക്കോസിനെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (7) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ തന്റെ കീഴിലുള്ള ജീവനക്കാർക്ക് സൈര്യമായും നിർഭയമായും ജോലി ചെയ്യുവാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കേണ്ടത് ഏതൊരു ഓഫീസ് മേലധികാരിയുടേയും ഉത്തരവാദിത്തമാണ്. ഇവിടെ തന്റെ കീഴിലുള്ള ഒരു ജീവനക്കാരി തന്റെ സഹപ്രവർത്തകനിൽ നിന്നും മോശമായ പെരുമാറ്റം ഉണ്ടായി എന്ന് പരാതിപ്പെട്ടിട്ടും ആയതിൻ മേൽ ഉചിതവും നിയമപരവുമായ നടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്ന് മാത്രമല്ല നിയമപരമല്ലാത്ത രീതിയിൽ പരാതി കൈകാര്യം ചെയ്തു എന്നത് തന്നെ തികച്ചും നിരുത്തരവാദപരവും പരാതിക്കാരിയുടെ അവകാശത്തെ ഹനിക്കുന്നതുമാണ്. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ ഘടന നിയമപ്രകാരം ആയിരിക്കണമെന്ന വ്യവസ്ഥയും ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് വിഴ്ചകൾക്ക് ഉത്തരവാദിയായ ശ്രീമതി ഷേർളി ജോണിനെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തിരുന്നു.

തുടർന്ന് ടിയാളെ എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിക്കൊണ്ട് പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു. ആയതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ടിയാൾ ഫയൽ ചെയ്ത OA-869/22 നമ്പർ കേസിൽ സ്ഥലം മാറ്റ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് പരാമർശം (9) പ്രകാരം ഉത്തരവായിരുന്നു. അച്ചടക്ക നടപടിയിൽ തുടർ നടപടിയുടെ ഭാഗമായി പരാമർശം (10) പ്രകാരം ടിയാളെ നേരിൽ കേട്ടിരുന്നു. നേർകാഴ്ചയിൽ പരാതിക്കാരി തന്റെ മുമ്പാകെ അത്തരമൊരു പരാതി ഉന്നയിച്ചിട്ടില്ലെന്നും, പരാതിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു സംഭവവും ഉണ്ടായിട്ടില്ലെന്നും പറയുകയുണ്ടായി. എന്നാൽ വിഷയം കമ്മിറ്റി മുന്നിൽ കൊണ്ടുവരുകയും, കമ്മിറ്റി ഹർജിക്കാരന്റെ സാന്നിധ്യത്തിൽ ചർച്ച ചെയ്തിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ അത്തരമൊരു സംഭവം നടന്നിട്ടില്ലെന്ന് പറയാൻ കഴിയില്ല. ബഹു. കോടതിയുടെ അന്തിമ ഉത്തരവ് വരുന്നതുവരെ അച്ചടക്കനടപടിയിൽ തുടർ നടപടികൾക്കായി കാക്കുന്നതിനും, സ്റ്റേ നീക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിക്കുകയും ആയത് പ്രകാരം സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ റിപ്ലൈ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയുമുണ്ടായി.

തുടർന്ന് OA-869/22 നമ്പർ കേസിൽ വിവിധ ഉത്തരവുകളിലൂടെ സ്റ്റേ ഉത്തരവ് ദീർഘിപ്പിച്ചിരുന്നതും പരാമർശം (11) പ്രകാരം കേസിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിൽ ശ്രീമതി. ഷേർളി ജോണിനെ വിരമിക്കുന്നത് വരെ കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ നിലനിർത്തുന്നതിന് ഉത്തരവായിരുന്നു. നിലവിലെ സാഹചര്യത്തിൽ, സംഭവത്തെക്കുറിച്ച് ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് ഒരു കമ്മിറ്റിയെ നിയമിക്കുകയും ആയതിൽ ശ്രീമതി ഷേർളി ജോൺ കാര്യമായ കൃത്യവിലോപം നടത്തിയതായി സൂചിപ്പിക്കുന്ന ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ, ട്രാൻസ്ഫർ ഉത്തരവ് നടപ്പിലാക്കുന്നത് ഒഴികെ, ടിയാൾക്കെതിരായ അച്ചടക്കനടപടി തുടരുന്നതിന് നിയമപരമായ തടസ്സമില്ല എന്നും 23-09-2024 തീയതിയിലെ OA 869/2022 ലെ ഉത്തരവിന്മേൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്നും പരാമർശം (12) പ്രകാരം ഈ കാര്യാലയത്തിലെ ലോ ഓഫീസർ നിയമോപദേശം നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ മേൽ വിഷയത്തിലെ അച്ചടക്ക നടപടിയിൽ ശ്രീമതി. ഷേർളി ജോണിന് 'സെൻഷ്വർ' ശിക്ഷ നൽകുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (13) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

കാണിക്കൽ നോട്ടീസിന് പരാമർശം (14) പ്രകാരം ടിയാൾ മറുപടി ലഭ്യമാക്കിയിരുന്നു. ആയതിൽ രണ്ട് ജീവനക്കാർ തമ്മിൽ വാക്ക് തർക്കം മാത്രമാണുണ്ടായതെന്നും ആയതിൽ സ്വീകരിക്കേണ്ട എല്ലാ നിയമനടപടികളും സ്വീകരിച്ചതായും തനിക്കെതിരെ നടപടി സ്വീകരിക്കരുതെന്നും അപേക്ഷിച്ചിരുന്നതാണ് എന്നും എന്നാൽ ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി നിയമപ്രകാരമല്ല എന്ന കണ്ടെത്തലാണ് ഉണ്ടായിട്ടുള്ളത് എന്നും ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി നിയമപ്രകാരം രൂപീകരിച്ച് കൂടിയിട്ടുള്ളതാണെന്നും ആയതിനാൽ ടി വിഷയത്തിൽ തന്റെ ഭാഗത്തുനിന്നും മനപൂർവ്വമായ യാതൊരു തെറ്റും സംഭവിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിക്കരുതെന്നും അഭ്യർത്ഥിച്ചിരുന്നു. മേൽ വസ്തുതകളും അന്വേഷണ റിപ്പോർട്ടുകളും നേർകാഴ്ച വേളയിൽ നൽകിയ മൊഴികളും, കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയും പരിശോധിക്കുമ്പോൾ കുറ്റപത്രത്തിലെ ആരോപണങ്ങൾ എല്ലാം നിലനിൽക്കുന്നതായും ടിയാളുടെ ഭാഗത്ത് നിന്നും ചട്ടലംഘനം, കൃത്യവിലോപം അധികാര ദുർവിനിയോഗം എന്നിവ സംഭവിച്ചിട്ടുള്ളതായും കാണുന്നു. ആയതിനാൽ കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഷേർളി ജോണിനെതിരായ മേൽ വിഷയത്തിലെ അച്ചടക്കനടപടിയിൽ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിരുന്ന **'സെൻഷർ' ശിക്ഷ നൽകുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.**

Dr. Chithra S IAS
PRINCIPAL DIRECTOR

**ശ്രീമതി ഷേർളി ജോൺ**
**സെക്രട്ടറി, കുമാരമംഗലം ഗ്രാമപഞ്ചായത്ത്**
**(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേനെ)**

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി (i. ഉത്തരവ് ശ്രീമതി ഷേർളി ജോൺ - ന് നൽകി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി തിരികെ സമർപ്പിക്കേണ്ടതാണ്. ii. അച്ചടക്ക നടപടി വിവരം ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
2. സൂപ്രണ്ട്, DED സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Chithra S
Date: 29-05-2025 17:46:03